# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **219** 28.10.2019-ൽ മറുപടിയ്ക്ക്

## വാഴൂർ ഗവൺമെൻറ് പ്രസ്സിന്റെ വികസനം

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ഡോ.എൻ. ജയരാജ്** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | സർക്കാർ പ്രസ്സുകളുടെ നവീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | അച്ചടി വകുപ്പിന്റെ ആധുനിക വത്ക്കരണത്തിനായി കിഫ്ബി മുഖാന്തിരം ലഭ്യമാക്കുന്ന നൂറുകോടി രൂപയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി മെസേഴ്സ് വാപ്കോസിനെ 07/03/2019 ലെ സ.ഉ. (സാധാ) 371/2019/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 17/09/2019 ലെ സ.ഉ.(സാധാ) 1665/19/ഉ.വി.വ പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ എല്ലാ വർഷവും പദ്ധതി വിഹിതത്തിൽ സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി യന്ത്രങ്ങൾ വാങ്ങുന്നതിനും കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും തുക വകയിരുത്താറുണ്ട്. 2019-20 വർഷത്തിൽ വിവിധ ഗവൺമെന്റ് പ്രസ്സുകളിൽ യന്ത്രങ്ങൾ വാങ്ങുന്നതിന് ഏഴ് കോടി രൂപയും പുനരുദ്ധാരണത്തിന് മൂന്ന് കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) | വാഴൂർ ജില്ലാ ഫോറം സ്റ്റോറിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പ്രസ്സിനു സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇവിടെ സ്ഥാപിച്ചിട്ടുള്ള ആധുനിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇവിടെ നിലവിലുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ആധുനിക യന്ത്രങ്ങൾ പ്രവൃത്തിപ്പിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ടി പ്രസ്സിൽ നിലവിൽ താത്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ